ND. C. 17/17, dt. 25.04.17

25.04.2017

# രൂപതാ ദിനം 2017

വന്ദ്യ വൈദികരേ, സിസ്റ്റേഴ്സ്, പ്രിയ സഹോദരരേ,

റഷ്യൻ വിപ്ലവത്തിനുശേഷം മേയ് 1-ാം തിയതി തൊഴിലാളി ദിനം (മേയ് ദിനം) ആയി ആചരിക്കുവാൻ തുടങ്ങി. അതിനെ പവിത്രീകരിക്കാനായി പന്ത്ര ാം പീയൂസ് മാർപ്പാപ്പ 1955-ലെ മേയ് ദിനത്തിൽ വി. പത്രോസിന്റെ അങ്കണത്തിൽ തടിച്ചുകൂടിയിരുന്ന തൊഴിലാളികളോട് പറഞ്ഞു: മേയ് 1-ാം തിയതി മേലിൽ തൊഴിലാളിയായ വി. യൗസേപ്പിതാവിന്റെ തിരുനാൾ ആയിരിക്കും." തിരുസഭ അങ്ങനെ മേയ് ദിനത്തെ പവിത്രമായി ആചരിക്കുന്നു.

വി. യൗസേപ്പ് ഒരു മരപ്പണിക്കാരനായിരുന്നു. മുപ്പതാമത്തെ വയസ്സുവരെ യേശുവും തന്റെ വളർത്തുപിതാവിനെപ്പോലെ മരപ്പണിചെയ്തിരുന്നു. എല്ലാ തൊഴിലുകളും ശ്രേഷ്ഠമാണ്. ഒരു തൊഴിലാളി ആയിരിക്കുമ്പോൾ യേശുവിനെയും വി. യൗസേപ്പിനെയും നാം അടുത്ത് അനുകരിക്കുകയാണ്.

കുറേക്കാലമായിട്ട് സാധാരണ തൊഴിലാളികൾ ഭൗതീകവാദ സ്വാധീനത്തിൽ മതവിശ്വാസത്തെ അവഗണിക്കുന്നതായി കാണുന്നു. ക്രൈസ്തവ രാജ്യങ്ങളിലും അക്രൈസ്തവ രാജ്യങ്ങളിലുമുള്ള തൊഴിലാളികൾ ക്രിസ്തീയ തത്ത്വങ്ങൾ അനുസരിച്ച് പ്രവർത്തിക്കാനാണ് തൊഴിലാളിയായ വി. യൗസേപ്പിന്റെ തിരുനാൾ സഭ ആഘോഷിക്കുന്നത്.

യൗസേപ്പിതാവ് തൊഴിലിലും കുടുംബജീവിതത്തിലും യേശുവിനോടുകൂടെ ജീവിച്ചു. നിങ്ങൾ യേശുവിനോട് അടുത്തിരിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ വീ ും ഞാൻ പറയുകയാണ്: 'യൗസേപ്പിന്റെ പക്കൽ പോകുവിൻ.' (ഉൽപ. 41,44).

നമ്മുടെ രൂപതയിൽ മേയ് മാസം ഒന്നാം തിയതി രൂപതാ മദ്ധ്യസ്ഥനായ വി. യൗസേപ്പ് പിതാവിന്റെ തിരുനാൾ രൂപതാ ദിനം ആയി ആചരിച്ചിരുന്നു. ഈ വർഷം (2017) അതു ലളിതമായി ഇടവകകളിൽ ആഘോഷിക്കുവാൻ തീരുമാനിച്ചു. അതനുസരിച്ച് 2017 മേയ് മാസം ഒന്നാം തിയതി (തിങ്കൾ) രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും രൂപതാ ദിനമായി ആഘോഷിക്കുവാൻ ഞാൻ ആഹ്വാനം ചെയ്യുന്നു. കഴിഞ്ഞ 21 വർഷക്കാലം നമ്മുടെ രൂപതയ്ക്ക് ദൈവം നൽകിയ നിരവധി അനുഗ്രഹങ്ങൾക്ക് നന്ദി പറയുകയും ഇനിയുള്ള കാലയളവിൽ നമുക്കു കൂടുതൽ ദൈവപരിപാലന ലഭിക്കാൻ പ്രാർത്ഥിക്കുകയും ചെയ്യുക. രൂപതാ ദിനത്തിന്റെ എല്ലാ അനുഗ്രഹങ്ങളും ഞാൻ നിങ്ങൾക്കു നേരുന്നു.

രൂപതാ ദിനമായ 2017 മേയ് 1 ന് വൈകുന്നേരം 4.30 ന് നെയ്യാറ്റിൻകര കത്തീഡ്രൽ ദൈവാലയത്തിൽ നടത്തുന്ന പൊന്തിഫിക്കൽ ദിവ്യബലിയിൽ പങ്കെടുത്ത് ദൈവത്തിന് നന്ദി പറയുവാനും വരും നാളുകളിൽ നമുക്ക് ധാരാളം ദൈവാനുഗ്രഹം ലഭിക്കുവാൻ പ്രാർത്ഥിക്കുവാനും ഞാൻ നിങ്ങളെയെല്ലാം ഹൃദയപൂർവ്വം ക്ഷണിക്കുന്നു. പ്രത്യേകിച്ച് രൂപതയിലെ എല്ലാ വൈദീകരേയും സന്യസ്തരേയും എല്ലാ ഇടവക കൗൺസിൽ (പാരിഷ് കൗൺസിൽ) അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

നെയ്യാറ്റിൻകര
25.04.2017

സ്നേഹാശംസകളോടെ

റൈറ്റ്. റവ. ഡോ. വിൻസെന്റ് സാമുവൽ
നെയ്യാറ്റിൻകര രൂപതാ മെത്രാൻ